**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3631** **26-10-2021 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര ഡിപ്പോയിൽ പൂർണ്ണതോതിൽ ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിലുള്ള സൂപ്പർഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി ബസ് സർവ്വീസുകളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | മാവേലിക്കര ഡിപ്പോയിൽ നിലവിൽ 3 സൂപ്പർഫാസ്റ്റും, 7 ഫാസ്റ്റ് പാസഞ്ചറും, 16 ഓർഡിനറി സർവ്വീസുകളും ഉൾപ്പെടെ ആകെ 26 സർവ്വീസുകളാണ് ഉള്ളത്. |
| (ബി) | പ്രസ്തുത ഡിപ്പോയിൽ മുൻപ് നാൽപ്പത്തി രണ്ട് ബസ് സർവ്വീസുകൾ ഉണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സർവ്വീസുകൾ വെട്ടിക്കുറക്കുകയും ബസ്സുകൾ മറ്റ് ഡിപ്പോകളിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | മാവേലിക്കര ഡിപ്പോയിൽ 42 ബസ്സ് സർവ്വീസുകൾ കോവിഡ് കാലത്തിന് മുമ്പ് ഉണ്ടായിരുന്നു. കോവിഡ് നിയന്ത്രണങ്ങളെ തുടർന്ന് യാത്രക്കാർ കുറയുകയും കടുത്ത സാമ്പത്തിക നഷ്ടം ഉണ്ടാവുകയും ചെയ്തുവരുന്ന സാഹചര്യത്തിൽ സർവ്വീസുകൾ നഷ്ടം കുറച്ച് ജനോപകാരപ്രദമായി പുനഃക്രമീകരിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ ജനോപകാരപ്രദവും വരുമാനം ലഭിക്കുന്നതുമായ സർവ്വീസുകൾ പുനഃക്രമീകരണത്തിലൂടെ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. 2021 മാർച്ച് മാസത്തിൽ കോവിഡ് നിയന്ത്രണത്തിലെ ഇളവുകൾ പ്രഖ്യാപിച്ച ഘട്ടത്തിന് തുല്യമായ സർവ്വീസുകളാണ് ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നത്. ഇളവുകൾ പൂർണ്ണമായും വരുന്നതോടെയും യാത്രക്കാരുടെ ആവശ്യം വർദ്ധിക്കുന്നതോടു കൂടിയും വരുമാനം ലഭിക്കുന്ന രീതിയിലും ബന്ധപ്പെട്ട എം.എൽ.എ അടക്കമുള്ള ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും, വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും, യാതൊരു ഉപകാരവും ഇല്ലാത്ത ഡീസൽ തുക പോലും ലഭിക്കാത്ത സർവ്വീസുകൾ ജനോപകാരപ്രദമായി ഇത്തരത്തിൽ പുനഃക്രമീകരിക്കുന്നതിനും, പ്രസ്തുത ക്രമീകരണത്തിനു ശേഷവും പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ ആവശ്യമായി വന്നാൽ |

| | | | |
|---|---|---|---|
| | | | 'ഗ്രാമവണ്ടി' പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വീസുകൾ ആരംഭിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്. നിലവിൽ മാവേലിക്കര ഡിപ്പോയിൽ നിന്നും 13 ബസ്സുകൾ റിസർവ്വ് പൂളിലേക്കും മറ്റ് ഡിപ്പോകൾക്കുമായി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഡിപ്പോയിൽ പൂർണ്ണതോതിൽ ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | മാവേലിക്കര ഡിപ്പോയിൽ 42 ബസ്സ് സർവ്വീസുകൾ കോവിഡ് കാലത്തിന് മുമ്പ് ഉണ്ടായിരുന്നു. കോവിഡ് നിയന്ത്രണങ്ങളെ തുടർന്ന് യാത്രക്കാർ കുറയുകയും കടുത്ത സാമ്പത്തിക നഷ്ടം ഉണ്ടാവുകയും ചെയ്തുവരുന്ന സാഹചര്യത്തിൽ സർവ്വീസുകൾ നഷ്ടം കുറച്ച് ജനോപകാരപ്രദമായി പുനഃക്രമീകരിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ ജനോപകാരപ്രദവും വരുമാനം ലഭിക്കുന്നതുമായ സർവ്വീസുകൾ പുനഃക്രമീകരണത്തിലൂടെ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. 2021 മാർച്ച് മാസത്തിൽ കോവിഡ് നിയന്ത്രണത്തിലെ ഇളവുകൾ പ്രഖ്യാപിച്ച ഘട്ടത്തിന് തുല്യമായ സർവ്വീസുകളാണ് ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നത്. ഇളവുകൾ പൂർണ്ണമായും വരുന്നതോടെയും യാത്രക്കാരുടെ ആവശ്യം വർദ്ധിക്കുന്നതോടു കൂടിയും വരുമാനം ലഭിക്കുന്ന രീതിയിലും ബന്ധപ്പെട്ട എം.എൽ.എ അടക്കമുള്ള ജനപ്രതിനികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും, വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും, യാതൊരു ഉപകാരവും ഇല്ലാത്ത ഡീസൽ തുക പോലും ലഭിക്കാത്ത സർവ്വീസുകൾ ജനോപകാരപ്രദമായി ഇത്തരത്തിൽ പുനഃക്രമീകരിക്കുന്നതിനും, പ്രസ്തുത ക്രമീകരണത്തിനു ശേഷവും പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ ആവശ്യമായി വന്നാൽ 'ഗ്രാമവണ്ടി' പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വീസുകൾ ആരംഭിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്. നിലവിൽ മാവേലിക്കര ഡിപ്പോയിൽ നിന്നും 13 ബസ്സുകൾ റിസർവ്വ് പൂളിലേക്കും മറ്റ് ഡിപ്പോകൾക്കുമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ